


# പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ

## (ശൂനായത്തിരുനാൾ)

മിശിഹായിൽ സാക്ഷാത്കൃതമായ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പരിശുദ്ധ കന്യകാമറിയത്തിന് സവിശേഷമായ സ്ഥാനമാണുള്ളത്. മിശിഹായുടെ അമ്മ എന്ന നിലയിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയോട് ഏറ്റവുമധികം സഹകരിച്ചത് പരിശുദ്ധ അമ്മതന്നെയാണ്. ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ, 1950 നവംബർ 1-ാം തീയതി 'Munificentissimus Deus' എന്ന അപ്പസ്തോലികപ്രമാണരേഖയിലൂടെ മാതാവിന്റെ സ്വർഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഈ വിശ്വാസത്തിലൂടെ സഭ ഏറ്റുപറയുന്നതെന്തെന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. ''ഏറ്റം പരിശുദ്ധയായ കന്യകാമറിയം അവളുടെ ഭൗമികജീവിതം പൂർത്തിയായപ്പോൾ ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗീയമഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടു. അവിടെ അവൾ തന്റെ പുത്രന്റെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിൽ പങ്കുചേരുകയും അവിടുത്തെ ശരീരത്തിന്റെ എല്ലാ അംഗങ്ങളുടെയും ഉയിർപ്പ് മുൻകൂട്ടി അനുഭവിക്കുകയും ചെയ്യുന്നു (CCC 974).

ശ്ലൈഹികപാരമ്പര്യം കൈമുതലാക്കിയ പരിശുദ്ധ കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും ഒന്നുപോലെ ആഘോഷിക്കുന്ന തിരുനാളാണ് മാതാവിന്റെ സ്വർഗാരോപണം. പൗരസ്ത്യസുറിയാനിസഭകളുടെ പൗരാണികപാരമ്പര്യ മനുസരിച്ച് മാതാവിന്റെ സ്വർഗാരോപണത്തെ സൂചിപ്പിക്കാൻ 'ശൂനായ' എന്ന സുറിയാനി വാക്കാണ് ഉപയോഗിക്കുന്നത്. ഈ വാക്കിന്റെ അർഥം സ്ഥലംമാറ്റം, കുടിയേറിപ്പാർക്കൽ എന്നിവയാണ്. എന്നാൽ ഗ്രീക്കുപാരമ്പര്യത്തിൽ ഈ തിരുനാളിനെ 'മാതാവിന്റെ ഉറക്കം' എന്നാണു വിശേഷിപ്പിക്കുന്നത്. ഈ തിരുനാൾ പരിശുദ്ധ അമ്മയുടെ കരേറ്റത്തിരുനാൾ എന്നും സഭയിൽ അറിയപ്പെടുന്നുണ്ട്. സ്വർഗാരോപണം എന്നാണു ഈ തിരുനാൾ ഇന്നു സഭയിൽ പൊതുവേ അറിയപ്പെടുന്നത്. പരിശുദ്ധ അമ്മയുടെ മരണശേഷം അവളുടെ ആത്മാവിനെ ശരീരത്തോടുകൂടി പറുദീസായിലേക്ക് (സ്വർഗത്തിലേക്ക്) മാറ്റിയതിനെയാണ്, കരേറ്റിയതിനെയാണ് ഈ പേരുകളെല്ലാം സൂചിപ്പിക്കുക.

മരിച്ചവരുടെ ഉയിർപ്പിലുള്ള വിശ്വാസം ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനസത്യമാണ്. സഭയുടെ വിശ്വാസപ്രമാണത്തിൽ 'മരിച്ചവരുടെ ഉയിർപ്പും നിത്യായുസ്സും' നമ്മൾ ഏറ്റുപറയുന്നു. വിശുദ്ധ കുർബാനയിൽ നമ്മൾ ഇപ്രകാരം പ്രാർഥിക്കുന്നു. 'നീ മഹത്ത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാം നിദ്രചെയ്യുന്നു'. വീണ്ടും 'സകലത്തിന്റെയും നാഥാ,' എന്ന പ്രാർഥനയിൽ 'നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു' എന്ന് ഏറ്റുപറയുന്നു.

പരിശുദ്ധ കന്യകാമാതാവിന്റെ മരണത്തെക്കുറിച്ചോ സ്വർഗാരോപണത്തെക്കുറിച്ചോ വിശുദ്ധഗ്രന്ഥത്തിൽ പ്രത്യേകമായൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല; എങ്കിലും ആദിമസഭയിൽ തുടങ്ങിയ ഈ വിശ്വാസം പരമ്പരാഗതമായി കാത്തുസൂക്ഷിച്ചിരുന്നു എന്നതിന് സഭയുടെ പ്രാർഥനകളാണ് ഏറ്റവും വലിയ സാക്ഷ്യമാകുന്നത്. പൗരസ്ത്യസുറിയാനി സഭകളിൽ കൈയെഴുത്തുപ്രതികളായി സൂക്ഷിക്കപ്പെട്ടിരുന്ന യാമപ്രാർഥനകൾ എ.ഡി 647-657 കാലയളവിൽ പാത്രിയാർക്കീസായിരുന്ന ഈശോയാബ് മൂന്നാമൻ ക്രോഡീകരിച്ച് ക്രമപ്പെടുത്തി. പിന്നീട് മൂന്നു വാല്യങ്ങളായി സുറിയാനിയിൽ പ്രസിദ്ധീകരിച്ചു. മാതാവിന്റെ സ്വർഗാരോപണത്തിരുനാളിലെ യാമപ്രാർഥനയിലെ എല്ലാ ഗീതങ്ങളും പ്രാർഥനകളും കാറോസൂസാകളും വലിയ വിശ്വാസസത്യങ്ങളാണ് നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നത്. പൗരസ്ത്യസുറിയാനി പൈതൃകത്തിൽ പടുത്തുയർത്തപ്പെട്ട സീറോമലബാർസഭ വളരെ സമ്പുഷ്ടമായ ഈ സുറിയാനി ഉറവിടങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് സഭാമക്കൾക്ക് സമ്മാനിക്കുവാനൊരുങ്ങുകയാണ്. ഈയവസരത്തിൽ, ആഗസ്റ്റ് 15-ാം തീയതി നാം ആഘോഷിക്കുന്ന മാതാവിന്റെ സ്വർഗാരോപണത്തിരുനാളിലെ ഗീതങ്ങളിൽ കാണുന്ന ചില ആശയങ്ങൾ മാത്രമെങ്കിലും നമുക്ക് ഇവിടെ ധ്യാനവിഷയമാക്കാം.

'മാതാവിന്റെ അന്തിമനാഴികയിൽ വിണ്ണിലെ സൈനികനിരയെത്തി മാതാവിനെ സ്വർഗത്തിലേക്ക് സംവഹിച്ചു' എന്ന് സായാഹ്നശുശ്രൂഷയായ റംശായിലെ ഓനീസാ ദക്ദത്തിൽ കാണാം. ഓനീസാ ദ്റംശായിലെ ഗീതത്തിൽ സഭ പരിശുദ്ധ അമ്മയോടുതന്നെ പറയുകയാണ്. 'നിന്റെ പുത്രനായ ഈശോ ആ ദിവസം നിനക്ക് ഉന്നതമായ ബഹുമതി നല്കി. ധവളമനോഹരമായ വസ്ത്രത്താൽ സമലംകൃതമായി നിന്നുടെ ശരീരവും ആത്മാവും ദൈവികരാജ്യത്തിൽ പ്രവേശിച്ചു. അവിടെ അനശ്വരമായ ഗേഹത്തിൽ, ആനന്ദത്തിന്റെ മണവറയിൽ ത്രിത്വസ്തുതി പാടുന്ന നീ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ'.

ശ്ലീഹന്മാർ മാതാവിന്റെ സ്വർഗാരോപണത്തിന് സാക്ഷികളായിരുന്നു എന്നതിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിന്റെയും തെളിവുകൂടിയാണ് ഓനീസാ ദ്ലെലിയായിലെ ഗീതം. 'നിർമലയാകും കന്യാമറിയം ധരയിൽനിന്നും വിടവാങ്ങീടും സുദിനത്തിൽ ... പാവനറൂഹാ ശ്ലീഹരെയെല്ലാം അവളുടെ സവിധേയെത്തിച്ചു. റോമിൽനിന്നും കേപ്പായും ഇന്ത്യയിൽനിന്നും തോമായും എഫേസോസിൽ നിന്നുടനെ യോഹന്നാനും വന്നെത്തി'.

സ്വർഗാരോപണസുദിനത്തിൽ സംഭവിച്ച കാര്യങ്ങൾ സഭ പ്രഘോഷിക്കുന്നു: 'ഇമ്പമെഴും നവഗാനം വാനിൽ നിറയുകയായി സ്വർഗാരോപണസുദിനത്തിൽ. വാനവരെല്ലാം സ്തുതിഗീതികളാൽ കന്യകതന്നുടെ പൂജിതമേനിയെ വന്ദിച്ചു. ശിഷ്യഗണങ്ങൾ പ്രഭ തൂകീടും ദിവ്യശരീരമെടുത്തപ്പോൾ രോദനമവിടെയുയർന്നില്ല കണ്ണീർത്തുള്ളി പൊഴിഞ്ഞില്ല സ്തുതിതൻ നാദമുയർന്നവിടെ മഞ്ഞു പൊഴിച്ചൂ ഗഗനതലം. കബറിൽ വച്ചൊരു തിരുഗാത്രം കന്യാസുതനാം ദൈവസുതൻ വിണ്ണിൽ കൈക്കൊണ്ടു'.

പ്രാർഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം എന്ന സുപ്രധാനതത്വത്തെ അടിവരയിട്ടുകാണിക്കുന്നതാണ് നാം മുകളിൽ കണ്ട ആശയങ്ങളെല്ലാം. പന്ത്രണ്ടാം പീയൂസ് മാർപാപ്പാ മാതാവിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിലൂടെ, നൂറ്റാണ്ടുകളായി സഭയിൽ നിലനിന്നിരുന്ന വിശ്വാസപാരമ്പര്യത്തിന് ഔദ്യോഗികമായ അംഗീകാരം നല്കുക മാത്രമാണ് ചെയ്തത്. വിശ്വാസികളായ നമുക്കെല്ലാവർക്കും കരഗതമകാനിരിക്കുന്ന വലിയ സ്വർഗീയസൗഭാഗ്യത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ആഴപ്പെടാനും നമ്മുടെ ആത്മാവിനെയും ശരീരത്തെയും പരിശുദ്ധമാക്കിത്തീർക്കാനും ഈ തിരുനാൾ നമ്മെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**മാർ തോമസ് ഇലവനാൽ**

ചെയർമാൻ, സീറോമലബാർ ലിറ്റർജി കമ്മീഷൻ

12.08.2020